**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 2253** — **26.03.2013- ൽ മറുപടിയ്ക്ക്**

## കളിമൺപാത്ര വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)** | |
| (എ) | പരമ്പരഗത വ്യവസായ മേഖലയിൽ ഉൾപ്പെട്ട കളിമൺപാത്ര നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കളിമൺപാത്ര നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ ? | (ബി) | മൺപാത്ര നിർമ്മാണ വ്യവസായ പുനരുദ്ധാരണത്തിനും പുതിയ മൺപാത്ര നിർമ്മാണ/വിപണന യൂണിറ്റുകൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുമായി 2011-12 വർഷം "പരമ്പരാഗത കളിമൺ പാത്ര ഉൽപ്പാദക വിപണന യൂണിറ്റുകൾക്കുള്ള ധനസഹായം" എന്നയിനത്തിൽ 50 ലക്ഷം രൂപ ഗ്രാന്റായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് അനുവദിച്ചു. ടി തുക മൺപാത്ര നിർമ്മാണ/വിപണന തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കരകൗശല വികസന കോർപ്പറേഷൻ, കേരള സംഘടിപ്പിക്കുന്ന പ്രദർശന വിൽപ്പന മേളകളിൽ കളിമണ്ണ് കൊണ്ട് ഉണ്ടാക്കുന്ന വസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തുവാൻ അവസരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ